# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആതവനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)


നമ്പർ:
കെ.എസ്.എ.എം.പി.എം.13/1419/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/07/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആതവനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/1419/2024 തീയ്യതി: 31/07/2024

# മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-07-2023 മുതൽ 19-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2024 | 29-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2024 | 29-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൽ റഷീദ്. എം.പി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അസീന. എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സിയാദ്.പി.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിനീത. പി.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിനോബിയ.ടി.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.അനിഷ.വി | സെക്രട്ടറി | 01-04-2023 | 11-07-2023 |
| ശ്രീ.ബീരാൻ കുട്ടി.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2023 | 09-08-2023 |
| ശ്രീ.പ്രദീപ്. എം.പി | സെക്രട്ടറി | 10-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഇസ്മയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ.ദിലീപ് കുമാർ കെ.വി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 05-07-2023 | 15-08-2023 |
| ശ്രീ.നീരജ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 16-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഖാലിക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 10-07-2023 |
| ശ്രീ.സജിൻ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-07-2023 | 17-01-2024 |
| ശ്രീമതി.ജയലക്ഷ്മി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-01-2024 | 31-03-2024 |
| ഡോ.മുഹമ്മദ് സബാഹ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2023 | 03-07-2023 |
| ഡോ.വിനീത | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 04-07-2023 | 31-03-2024 |
| ഡോ.പ്രവീണ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2023 | 21-08-2023 |
| ഡോ.മഞ്ജുഷ.പി.കെ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 22-08-2023 | 31-03-2024 |
| ശ്രീമതി.സുമയ്യ.പി.വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.വസന്ത.സി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ഗിരിജ പിള്ളക്കാട് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-05-2023 |
| ശ്രീമതി.സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2023 | 31-03-2024 |
| ഡോ.അഞ്ജിത.കെ | വെറ്ററിനറി സർജൻ | 01-04-2023 | 24-07-2023 |
| ഡോ.വിമൽ സി വർഗ്ഗീസ് | വെറ്ററിനറി സർജൻ | 25-07-2023 | 25-02-2024 |
| ശ്രീമതി.നിഷ.കെ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ബിസ്ന എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 17-03-2024 |
| ശ്രീ.ബാബുരാജ് സി. ചെറളക്കാടൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 18-03-2024 | 31-03-2024 |
| ഡോ.അഞ്ജിത.കെ | വെറ്ററിനറി സർജൻ | 26-02-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ":അവലോകനം | 1-11 |
| 14 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-12 |
| 15 | നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 16 | എസ്.എസ്.കെ വിഹിതം:വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 17 | ജല ജീവൻ മിഷൻ:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 18 | ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-16 |
| 19 | ജൈവ വളവിതരണം-അപാകതകൾ | 1-17 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് പരിപാലനം- അപാകതകൾ | 1-18 |

| | | |
|---|---|---|
| 21 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കപ്പെടാത്ത തുക ട്രഷറി തിരിച്ച് പിടിച്ചു. | 1-19 |
| 22 | ഇ-ടെണ്ടർ  ഫീ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല | 1-20 |
| 23 | കെട്ടിടം സജ്ജമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല | 1-21 |
| 24 | KSEBയിലേക്ക് നിക്ഷേപം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 25 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-അനർഹർക്ക് ആനുകൂല്യം നൽകി | 1-23 |
| 26 | സോളാർ സിസ്റ്റം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 27 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-25 |
| 28 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല | 1-26 |
| 29 | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഫണ്ട് ചെലവ് ചെയ്തു. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 17.06.2023 തീയതിയിലെ 37(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് **12-05-2024** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം:
തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

## 1-1-2 കാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalence ‘ ആയി രേഖപ്പെടുത്തിയ തുകയും(11075800) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (35200181) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തിക വർഷത്തിലെ ആകെ കാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| | |

| | |
|---|---|
| 1(1)/07.03.2023 | 3(1)/22.01.2024 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 6,30,64572 |
| വരവ് | 19,97,00,119 |
| ആകെ | 262764691 |
| ചെലവ് | 188624319 |
| നീക്കിയിരിപ്പ് | 7,41,40,372 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27327869 | 27327869 | 24018521 | 3309348 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3964394 | 3964394 | 3532992 | 431402 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 12848650 | 12848650 | 5283545 | 7565105 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 9466600 | 9466600 | 6207937 | 3258663 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3667500 | 3667500 | 5425548 | -1758048 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4890000 | 4890000 | 5398162 | -508162 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 210074759 | 127 | 100310673 | 67 | 95 | 44% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2004 | 856407 | 858411 | 855813 | 2598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12543718 | 12543718 | 12543718 | 0 |
| **ആകെ** | 2004 | 13400125 | 13402129 | 13399531 | 2598 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 448000 | 294 |
| വിധവാപെൻഷൻ | 14475200 | 9773 |
| വാർദ്ധക്യകാലപെൻഷൻ | 27877200 | 18905 |
| വികലാംഗപെൻഷൻ | 5832600 | 3705 |
| വിവാഹ ധനസഹായം | | |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 236200 | 152 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2024 ന് 11.57 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9150/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
2.വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമമായി പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.
3. പൊതു ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്.
4. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം, അവയുടെ ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5. അസിസ്റ്റന്റ് സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2022 | 08/2022 മുതൽ 09/2022 വരെ | 15.11.2022 |
| എ.ജി ഓഡിറ്റ് | 30.10.2019 - 01.11.2019 | 2014-15 മുതൽ 2018-19 വരെ | 11.12.2019 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം ആതവനാട് ഗ്രാമ പഞ്ചായത്തിലെ

ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 02/21-06-2024 നു ലഭ്യമാക്കിയ മറുപടി പരിഗണിച്ച് തയാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

**<u>അടിസ്ഥാന വിവരങ്ങൾ</u>**

| | |
|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | 55680 |
| 2)ആകെ വാർഡുകളുടെ എണ്ണം | 22 |
| 3)ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 8179 |
| 4) ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 957 |
| 5)വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 2 |

ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്ന് 3 മാസത്തിൽ ഒരിക്കൽ, കടയിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ മാലിന്യ ശേഖരണ കലണ്ടർ തയ്യാറാക്കി മാലിന്യം ശേഖരിച്ചു വരുന്നുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ തലത്തിലും വാർഡ് തലത്തിലുമായി വിവിധ ബോധവത്കരണ ക്ലാസുകളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. അവയിൽ ചിലത് താഴെ ചേർക്കുന്നു.

| |
|---|
| വാർഡ് തല ഹരിതസഭ |
| കുട്ടികളുടെ ഹരിതസഭ |
| സ്കൂൾ തല ഗ്രീൻഗാർഡ് |
| പി.ടി.എ ബോധവത്കരണം |
| ബാലസഭ ശുചിത്വോൽസവം |
| ഗ്രാമസഭ |
| നോട്ടീസ്സ് വിതരണം |
| സോഷ്യൽ മീഡിയ പ്രചരണം |
| സ്നേഹാരാമം പദ്ധതി |

ലഭിച്ച മാലിന്യങ്ങളിൽ നിന്നും റീസൈക്കിൾ ചെയ്ത് 40-60 ശതമാനം മാലിന്യങ്ങൾ ഉപയോഗിച്ചതായി അറിയിച്ചെങ്കിലും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിക്കുന്ന സംവിധാനം പൂർണമായും നടപ്പിലായിട്ടില്ല. മാലിന്യങ്ങൾ സംസ്കരിക്കാനും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് കൈമാറുന്നതിനുമായി ഗ്രാമ സഭകളിലും കുടുംബ ശ്രീ അയൽക്കൂട്ടങ്ങൾ വഴിയും വാർഡുകളിലെ ക്ലസ്റ്ററുകൾ മുഖേനയും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രതിമാസ റിവ്യൂ മീറ്റിംഗും നടത്തി വരുന്നു. എന്നിരുന്നാലും പഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന വീടുകൾ/സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഹരിത കർമ്മസേനയ്ക്ക് കീഴിൽ വരുന്ന ഭവനങ്ങളുടെ ശതമാനം | ഹരിത കർമ്മസേനയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ശതമാനം |
|---|---|---|
| 1 | 60 | 90 |
| 2 | 72 | 95 |
| 3 | 100 | 100 |
| 4 | 65 | 98 |
| 5 | 70 | 0 |
| 6 | 75 | 97 |
| 7 | 80 | 98 |
| 8 | 88 | 60 |
| 9 | 74 | 55 |
| 10 | 55 | 95 |
| 11 | 100 | 100 |
| 12 | 95 | 98 |
| 13 | 91 | 97 |
| 14 | 60 | 80 |
| 15 | 100 | 100 |
| 16 | 85 | 80 |
| 17 | 95 | 85 |
| 18 | 100 | 100 |
| 19 | 70 | 75 |
| 20 | 72 | 75 |

| | | |
|---|---|---|
| 21 | 75 | 80 |
| 22 | 71 | 70 |

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. വീട്/കടയിൽ നിന്നും ശേഖരിച്ചവയിൽ നിന്നും റീസൈക്കിൾ ചെയ്ത് ഉപയോഗിക്കാവുന്നവ തരം തിരിച്ച് വിൽക്കുകയും ഇതുവഴി 3,02,795/- രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ആകെ വരവ് | | ആകെ ചെലവ് | |
| ഗ്യാപ് ഫണ്ട് | | ഹരിതകർമസേന ശമ്പളം | 1553112 |
| യൂസർഫീ | 1250320 | | |
| സ്ക്രാപ് വിൽപന | 302795 | | |
| ക്ലീൻ കേരള | | മറ്റ് ചെലവ് | 732430 |
| മറ്റ് വരവ് | | | |
| ആകെ | 1553112 | | 2285542 |

പഞ്ചായത്തിൽ ആകെ സ്ഥാപിച്ച MCF, MINI MCF, RRF എന്നിവയുടെ എണ്ണം- 23 ആണ്

മാലിന്യം തള്ളുന്നത്, നിരോധിത പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളുടെ തടയൽ എന്നിവയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തല വിജിലൻസ് സ്കാഡ് പരിശോധന, മുന്നറിയിപ്പ് എന്നിവ നൽകുകയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി 13 തവണ പിഴ ചുമത്തുകയും ഗുണഭോക്തൃ പദ്ധതികൾക്കും മറ്റ് ആനുകൂല്യങ്ങൾക്കുമായി യൂസർ ഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തു.

**<u>പരിശീലനവും വികസനവും</u>**

ഹരിതകർമസേനാംഗങ്ങൾക്ക് കുടുംബശ്രീ തല ദ്വിദിന പരിശീലനം, ബ്ലോക്ക് തല ദ്വിദിന പരിശീലനം എന്നിവ നൽകി. കൂടാതെ മാലിന്യ സംസ്കരണ ബൈലോയും അംഗീകരിച്ചിട്ടുണ്ട്.

**<u>എം.സി.എഫ്/ ആർ.ആർ.എഫ് സംബന്ധിച്ച വിവരങ്ങൾ:</u>**

| | |
|---|---|
| 1) അടിസ്ഥാന വിവരങ്ങൾ | |
| 1) എം.സി.എഫ്/ ആർ.ആർ.എഫ് | സ്ഥിരം |
| 2) ബെയ് ലിംഗ്/ ഷ്രഡ്ഡിംഗ് യൂണിറ്റ് | ഇല്ല |
| 3) വാർഡ് തിരിച്ച് എണ്ണം | 1 |
| 4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഉണ്ട് |
| 5) അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടോ | ഉണ്ട് |
| 6) റോഡ് ഗതാഗതം ഉണ്ടോ | ഉണ്ട് |
| 7) സാമൂഹിക പ്രശ്നങ്ങൾ ഉണ്ടോ | ഇല്ല |

**മാലിന്യ കൈമാറ്റ കാര്യക്ഷമത:**
റിജക്ഡ് വേസ്റ്റ് പ്രതിമാസം 2 തവണയും സെഗ്രഗേറ്റഡ് വേസ്റ്റ് പ്രതിമാസം 1 തവണയും കൈമാറുന്നു

**മാലിന്യ സംഭരണ ശേഷി:**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിൻ അളവ് | 1880 കിലോ |
| 2) ആകെ വിസ്തൃതി | 810 സ്ക്വ ഫീ |
| A ടാപ്പിംഗ് ഏരിയ | 150 |
| സ്റ്റോറേജ് ഏരിയ | 250 |
| സോർട്ടിംഗ് ഏരിയ | 210 |
| മെഷിനറി ഏരിയ | |
| കളക്ഷൻ ഏരിയ | 200 |

MCF/RRF സുരക്ഷ ക്രമീകരണങ്ങൾക്കായി ഫയർ എക്സ്റ്റിംഗ്യൂഷർ, ശുചിത്വത്തിനായി വാഷ് റൂം, വാട്ടർ ടാങ്ക് എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 26/10/2023 ലെ 1(7) നമ്പർ തീരുമാനപ്രകാരം നിലവിൽ എക്കോഗ്രീൻ എന്ന സ്ഥാപനത്തിന് മാസത്തിൽ 2 തവണയായി മാലിന്യം കൈമാറുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ
1) മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമമാക്കേണ്ടതും ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2) പഞ്ചായത്തിലെ മുഴുവൻ ഭവനങ്ങളെയും മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിൽ പങ്കാളികൾ ആക്കുന്നതിന് ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുക.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ കമ്പനിയുടെ പേര്, മേൽവിലാസം, കെട്ടിട നമ്പർ | വർഷം | അർദ്ധ വർഷം | നിർണ്ണയിക്കപ്പെട്ട വസ്തു നികുതി& എൽ.സി. | അടവാക്കാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|
| K.G Gopakumar, റിലയൻസ് ഇൻഫോ കോം ലിമിറ്റഡ്, കൊച്ചി, പാലാരിവട്ടം (1/905) | 2019-20 | ഒന്നാം അർദ്ധ വർഷം | 550+28=578 | 578 |
| | 2019-20 | രണ്ടാം അർദ്ധ വർഷം | 550+28=578 | 578 |
| | 2020-21 | ഒന്നാം അർദ്ധ വർഷം | 550+28=578 | 578 |
| | 2020-21 | രണ്ടാം അർദ്ധ വർഷം | 550+28=578 | 578 |
| | 2021-22 | ഒന്നാം അർദ്ധ വർഷം | 550+28=578 | 578 |
| | 2021-22 | രണ്ടാം അർദ്ധ വർഷം | 550+28=578 | 578 |
| | 2022-23 | ഒന്നാം അർദ്ധ വർഷം | 550+28=578 | 578 |
| | 2022-23 | രണ്ടാം അർദ്ധ വർഷം | 550+28=578 | 578 |
| | 2023-24 | ഒന്നാം അർദ്ധ വർഷം | 578+28=606 | 578 |

| | | | | |
|---|---|---|---|---|
| | 2023-24 | രണ്ടാം അർദ്ധ വർഷം | 578+28=606 | 578 |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/23-24 തി. 26.06.2024 ന് ടവറുടമക്ക് നിരവധി തവണ ഡിമാന്റ് നോട്ടീസ് അയച്ചെങ്കിലും തുക അടവാക്കിയിട്ടില്ലായെന്ന് മറുപടി നൽകി. കേരള പഞ്ചായത്ത് രാജ് ആക്ട് 243(1) പ്രകാരം പഞ്ചായത്തിന് കിട്ടാനുള്ള നികുതി കുടിശ്ശിക 3 വർഷം കഴിഞ്ഞാൽ കാലഹരണപ്പെടും എന്നതിനാൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക B 15 പ്രകാരം വസ്തു നികുതി (Residential & Non Residential) ഇനത്തിൽ ₹ 1106140/- കുടിശ്ശിക ഉള്ളതായി കാണുന്നു.

| | |
|---|---|
| Receivables For Property Tax On Residential Buildings (Current) | 86,550.00 |
| Receivables For Property Tax On Residential Buildings (Arrears) | 40,880.00 |
| Receivables For Property Tax On Non-Residential Buildings (Current) | 7,10,680.00 |
| Receivables For Property Tax On Non-Residential Buildings (Arrears) | 2,68,030.00 |

കുടിശ്ശിക ഈടാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16/27.06.2023 ന് മറുപടി ലഭ്യമാക്കിയില്ല. കുടിശിക ഇനത്തിലെ മുഴുവൻ തുകയും പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 എസ്.എസ്.കെ വിഹിതം:വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം 10,00,000 രൂപ State Project Officer, SSK ക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം അടവാക്കൽ |
| പ്രൊജക്ട് നമ്പർ | 13/24 |
| അടങ്കൽ തുക | 10,00,000 രൂപ |
| ചെലവഴിച്ച തുക | 10,00,000 രൂപ |
| ബിൽ റെഫ നം./തി | 23150852010600307693/9.7.23 |
| തുക നല്കിയത് | പ്രൊജക്ട് ഡയറക്ടർ,എസ് എസ് കെ |
| ഫണ്ടിനം | പ്ലാൻ ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി |

1)പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ഖണ്ഡിക 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2)മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
. ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ തദ്ദേശഭരണ സ്ഥാപനത്തെ അറിയിച്ചോ എന്നത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം വ്യക്തമാകുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

. പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/23-24 തി. 22.06.24 നു നല്കിയ മറുപടിയിൽ സർക്കാർ ഉത്തരവു പ്രകാരമുള്ള പഞ്ചായത്തിന്റെ പങ്കാളിത്തം ബി.ആർ.സി, പഞ്ചായത്ത് എജുക്കേഷണൽ കമ്മിറ്റി എന്നിവ മുഖേന യഥാസമയം അറിയിച്ചിട്ടുണ്ടെന്ന മറുപടി നല്കുകയും വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുകുയും ചെയ്തു. വിശദാംശങ്ങൾ ഉൾപ്പെടാത്തതായതിനാൽ ലഭ്യമാക്കിയ ഡിമാന്റ് നോട്ടിസിനു സമാനമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക 10,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-15 ജല ജീവൻ മിഷൻ:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ കൊടുത്ത പദ്ധതിയുടെ ഭാഗമായി 3,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിനു ഹാജരാക്കിയ ഫയലുകളിൽ ലഭ്യമല്ല.

| | | |
|---|---|---|
| പ്രൊജക്ടിന്റെ പേര് | ജൽ ജീവൻ വിഹിതം അടവാക്കൽ | |
| പ്രൊജക്ട് നമ്പർ | 100/24 | |
| അടങ്കൽ | 30,00,000<br>{21,11,177 (തനത് ഫണ്ട്)+8,88,823 (പ്ലാൻ ഫണ്ട്)} | |
| ചെലവ്(പ്ലാൻ ഫണ്ട്) | തുക | ബിൽ റെഫ. നം./തി |
| | 1,00,000 | 231508520106601297868/28.2.24 |
| | 1,00,000 | 231508520106601546920/25.3.24 |
| | 1,00,000 | 2315085201060115469 44/25.3.24 |
| ആകെ | 3,00,000 | |
| തുക നല്കിയത് | KWA | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/23-24 തി. 22.06.24 നു ഇതുമായി ബന്ധപ്പെട്ട് KWA ക്ക് കത്തു നല്കിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നല്കി. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവ് തുക 300000 രൂപ തടസ്സം ചെയ്യുന്നു.

## 1-16 ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം ലൈഫ് ഭവന നിർമ്മാണം (ജനറൽ & എസ്.സി.പി) പ്രൊജക്ടിൽ 58 ഗുണഭോക്താക്കൾ ജനറൽ 45, എസ്.സി.പി 13 എന്നിങ്ങനെ 31.03.2024 ന് പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 20/27.06.2024) ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണെന്നും പൂർത്തീകരണ വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു. നിർമ്മാണ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-17 ജൈവ വളവിതരണം-അപാകതകൾ

2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

"കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്." "നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടത്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്."

കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ ജൈവവളം വിതരണം ചെയ്യുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട്/നം./ അടങ്കൽ | ചെലവ്/ ഫണ്ടിനം | ചെലവു തുക/BRN /തിയതി | കുറിപ്പ് |
|---|---|---|---|---|
| 1. | വെറ്റില കൃഷിക്ക് ജൈവ വളം 212/23) | 300000 വികസന ഫണ്ട് | എ)97324/ 23150852034600788141/14.11.23<br>ബി)98323/ 23150852034600813577/20.11.23 | സ്വകാര്യ വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ |

| | | | | |
|---|---|---|---|---|
| | 300000<br>വികസന ഫണ്ട് | | സി)104353/20.11.23<br>23150852034600813588 | അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |

പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകത കാണുന്നു .

1)മാർഗ്ഗരേഖ പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ മാത്രമാണ് കർഷകർ നേരിട്ട് വളം വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ പണം നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ പദ്ധതി രൂപീകരണ സമയം തന്നെ ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കിയതായാണ് കാണുന്നതും തുക അനുവദിച്ചിട്ടുള്ളതും. ഓഡിറ്റിനു ലഭ്യമാക്കിയ പദ്ധതി രേഖകളിൽ നടത്തിപ്പ് രീതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുമില്ല. മേൽ നടപടി പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.
2)പട്ടിക പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ ഒരേ ഇനത്തിനു വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത നിരക്ക് ഈടാക്കിയതായി കാണുന്നു. ഇക്കാരണത്താൽ ആനുകൂല്യം നല്കുന്നതിലും ഏറ്റക്കുറച്ചിൽ പ്രകടമാണ്.

ഉദാ: പദ്ധതിയുടെ ഗുണഭോക്താവായ നീതു കെ വി, കുറുമ്പത്തൂർ എന്നവർ, കുമ്മാലിൽ എന്റർപ്രൈസസ്, കാട്ടിലങ്ങാടി എന്ന സ്ഥാപനത്തിൽ നിന്ന് 32രൂപ/കി. നിരക്കിൽ 50 കിലോയുടെ 6 പേക്ക് എല്ലു പൊടി 9600 രൂപക്ക് ആണ് വാങ്ങിയിട്ടുള്ളത്(1600x6=9600). ആയതിന്റെ 6211 രൂപ സബ്സിഡിയും നല്കി.

എന്നാൽ ഇതേ പദ്ധതിയിലെ മറ്റൊരു ഗുണഭോക്താവായ ഷിഹാബുദ്ദീൻ മേലേപ്പാട്ട്,ആതവനാട് എന്നയാൾ കാർത്തിക് ഏജൻസി, വളാഞ്ചേരിയിൽ നിന്നും വാങ്ങിയിട്ടുള്ളത് 40 രൂപ നിരക്കിലാണ് (30x200=6000). നല്കിയ സബ്സിഡി 3882 രൂപയാണ്.

അപാകതകൾക്ക് മറുപടി നല്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/23-24 തി. 27.06.24 നു താഴെ കാണുന്ന മറുപടിയാണ് നല്കിയത്.
“പദ്ധതി രൂപീകരണം പൂർത്തിയായി പദ്ധതി തുടങ്ങുന്നതിൽ കാലതാമസം നേരിടുന്നത് മൂലം കൃഷി ഓഫീസർക്ക് നേരിട്ട് കർഷകർക്ക് യഥാസമയം വളം വിതരണം ചെയ്യാനായിട്ട് സാധിക്കാറില്ല ആയതിനാൽ തന്നെ കർഷകർക്ക് യഥാസമയം വളമിടീൽ ചെയ്യുന്നത് അനിവാര്യമായതിനാൽ കർഷകർ തന്നെ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം അംഗീകൃത വളം ഡിപ്പോകളിൽ നിന്നും വളം വാങ്ങി ബില്ല് സമർപ്പിക്കുന്ന മുറക്ക് സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്. മാനദണ്ഡപ്രകാരം യഥാസമയം വളം ചെയ്യുന്നത് അനിവാര്യ സാഹചര്യമായതിനാൽ പദ്ധതി പ്രവർത്തനത്തിൽ സർക്കാർ നിർദേശത്തിന് വിരുദ്ധമായി നടപടികൾ കൈക്കൊണ്ടിട്ടില്ല എന്ന് അറിയിക്കുന്നു. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിനായി അഭ്യർത്ഥിക്കുന്നു. പദ്ധതി പ്രകാരം കർഷകർ നേരിട്ട് വളം വാങ്ങി ബില്ല് സമർപ്പിക്കുന്ന മുറക്ക് സബ്സിഡി അനുവദിച്ചിരുന്നു. ജൈവവളത്തിൽ തന്നെ വിവിധ ഗ്രേഡ് ഉള്ളതിനാൽ കർഷകർ അവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വിവിധ ഗ്രേഡിലുള്ള വളമാണ് ഉപയോഗിക്കുന്നത്. ആയത് ബില്ലിൽ രേഖപ്പെടുത്തിയില്ല. ഭാവിയിൽ ഗ്രേഡ് രേഖപ്പെടുത്തി സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു”
നടപ്പിലാക്കുന്ന രീതി പദ്ധതിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും മാർഗ രേഖയിലെ നിർദേശങ്ങൾ പാലിച്ചു മാത്രം പദ്ധതി നടപ്പിലാക്കേണ്ടതും മാർഗ്ഗരേഖയിൽ പരാമർശിക്കാത്തവക്ക് മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതുമാണ്.

## 1-18 അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് പരിപാലനം- അപാകതകൾ

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ക്യാഷ് ബുക്ക് പ്രതിമാസ , വാർഷിക ക്ലോസിംഗ് നടത്തുകയോ ബാങ്ക് റീകൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

2) അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അസി.എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ (നം.40404042977) അക്കൗണ്ടിൽ 01.042023 ന് 310242/-രൂപയും 31.03.24ന് 608799.86/-രൂപയും നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫീ, പദ്ധതികളുടെ ബില്ലിൽ നിന്നും IT, GST അടവാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ലഭ്യമായ തുക എന്നിവയാണ് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത്. ഇ-ടെണ്ടർ ഫീ ഇനത്തിൽ 2023-24 വർഷത്തിൽ 17,55,45/-രൂപ വരവുണ്ട്. ഇവയൊന്നും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 715081400000160 നമ്പർ ട്രഷറി അക്കൗണ്ടിൽ 01.04.2023ന് 5,50,829/-രൂപ നീക്കിയിരിപ്പുണ്ട്. ടി തുക 30.03.2024ന് ട്രഷറി തിരിച്ച് പിടിച്ചതായി കാണുന്നു. അത് സംബന്ധിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3) കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ക്യാഷ് ബുക്ക് അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.08/23-24/24.06.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കപ്പെടാത്ത തുക ട്രഷറി തിരിച്ച് പിടിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 715081400000160 നമ്പർ ട്രഷറി അക്കൗണ്ടിൽ 31.03.2023ന് 5,50,829/-രൂപ നീക്കിയിരിപ്പുണ്ട്. ടി തുക 30.03.2024ന് ട്രഷറി തിരിച്ച് പിടിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് ഇനത്തിൽ ലഭ്യമായ തുകയാണെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ പണം ചെലവഴിക്കാതെ

അവശേഷിക്കാൻ പാടില്ല. പ്രസ്തുത തുക ഏത് ഇനത്തിൽ ഏത് വർഷങ്ങളിൽ വരവ്/ചെലവഴിക്കാൻ അവശേഷിച്ച തുകയാണെന്നും, അക്കൗണ്ടിൽ ഇത്തരത്തിൽ കണക്കിൽ പെടാതെ തുക അവശേഷിക്കാനുണ്ടായ കാരണവും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.09/23-24/24.06.2024) ഏത് ഇനത്തിലുള്ള തുകയാണെന്നുള്ള വിവരം ലഭ്യമല്ലെന്നും ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ച് പിടിച്ചിട്ടുണ്ടെന്നും മാത്രമാണ് മറുപടി ലഭ്യമാക്കിയത്.

ട്രഷറി തിരിച്ച് പിടിച്ച 5,50,829/-രൂപ ഏത് ഇനങ്ങളിൽ അവശേഷിച്ച തുകയാണെന്നോ നികുതി ഇനത്തിൽ സർക്കാരിലേക്ക് അടവാക്കാനോ, കരാറുകാർക്ക് നൽകാനോ, മറ്റേതെങ്കിലും ഇനത്തിൽ അവശേഷിച്ച തുകയാണെന്നോ ഉള്ള വിവരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ഇതിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 ഇ-ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല

ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സെപ്റ്റംബർ 2021 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐയിൽ അക്കൗണ്ട് ആരംഭിക്കുകയും ശേഷം ഇ-ടെണ്ടർ ഫോം വില ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നാളിതുവരെ ലഭിക്കാനുള്ള തുകയുടെ വിവരവും ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 10/23-24/24.06.2024) ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം ഇ-ടെണ്ടർ മുഖേന സെപ്റ്റംബർ 2021ന് മുമ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ടെണ്ടർ ഫോം വിലയായി നാളിതുവരെ 50280/-രൂപ ലഭിക്കാനുണ്ടെന്നും ആയത് ലഭ്യമായിട്ടില്ലെന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കെട്ടിടം സജ്ജമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല

പദ്ധതി നം., പേര് : 224/24, പഞ്ചായത്ത് ഓഫീസ് നവീകരണവും മാതൃകാ സി.ഡി.എസ് ഓഫീസ് നവീകരണവും (So)

ചെലവ് തുക – 9,11,130 രൂപ (570044 വികസനഫണ്ട് ജനറൽ+ 341086 തനത് ഫണ്ട്)

ബിൽ നം. തീ - 23150852034200480237/04.10.23, 570044

വൗച്ചർ നം. തീ - 22301098/27.02.2024, 341086

പഞ്ചായത്ത് ഓഫീസിന്റെയും മാതൃകാ സി.ഡി.എസ് ഓഫീസിന്റെയും നവീകരണത്തിനായി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ

സി.ഡി.എസ് ബിൽഡിംഗിനുള്ളിലുള്ള പഞ്ചായത്ത് ലൈബ്രറിയുടെ നവീകരണവും ഉൾപ്പെടുത്തി ഷെൽഫ്, ഡോർ, ടേബിൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ലൈബ്രറി നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതായും, പുസ്തകങ്ങൾ കൂട്ടിയിട്ടതായും കാണുന്നു.

2024-25 വർഷത്തിൽ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് നടപ്പിലാക്കി ലൈബ്രറി കാര്യക്ഷമമാക്കി അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.23/23-24/28.06.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലൈബ്രറി കാര്യക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.








## 1-22 KSEBയിലേക്ക് നിക്ഷേപം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി താഴെ കാണും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം:

| ക്രമ. നം. | പദ്ധതി പേര്/നം. | അടങ്കൽ | ചെലവ് തുക | വൗച്ചർ/ ബിൽ നമ്പർ | തുക നല്കിയത് |
|---|---|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് | 45508 (തനത്ഫണ്ട്) | 37877 (തനത്ഫണ്ട്) | 2230049/23.9.23 | കെ എസ് ഇ ബി പുത്തനത്താണി |

| | | | | | |
|---|---|---|---|---|---|
| | മാറ്റിസ്ഥാപിക്കൽ (181/24) എസ് ഒ | | | | |
| 2 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (95/24) | 10,00,000 {2,61,521 (സി.എഫ്.സി) 643680 (തനത്ഫണ്ട്)} | A) 25,201 (തനത്ഫണ്ട്) | 22301243/27.3.24 | കെ എസ് ഇ ബി കാടാമ്പുഴ |
| | | | B) 618479 (തനത്ഫണ്ട്) | 22301271/27.3.24 | കെ എസ് ഇ ബി പുത്തനത്താണി |

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് വേണ്ട നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

2. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിലെ ക്രമ നം. 2B പ്രകാരമുള്ള ചെലവു തുക 6,18,479 രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.

3. 22.3.24 ലെ കെ.എസ്.ഇ.ബി ഡിമാന്റ് നോട്ട് നം. DB/AE/ES/PTNI Dem. Note 23-24/228 പ്രകാരം 8,80,000 രൂപ അടക്കാൻ ആണ് അഭ്യർഥിച്ചതെങ്കിലും 6,43,680രൂപ (6,18,479+25,201) മാത്രമാണ് അടവാക്കിയതായി കാണുന്നത്. മുഴുവൻ തുക ഒടുക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

4. മേൽ പ്രകാരമുള്ള ഡിമാന്റ് നോട്ടിസ് പ്രകാരം എസ്റ്റിമേറ്റ് തയാറാക്കിയതായി കെ.എസ്.ഇ.ബി അവകാശപ്പെട്ടിട്ടുണ്ട് . ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടിയാരാഞ്ഞു നല്കിയ ഓഡിറ്റ് എൻകചയറി നമ്പർ-3/23-24/22.06.2024 നു പട്ടികയിലെ ക്രമ നം. 1 ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും മറ്റു അപാകതകൾ പരിഹരിച്ചു രേഖകൾ ഹാജരാക്കുകയും ചെയ്തു. ക്രമ 2 പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 643680 രൂപ തടസത്തിൽ വെക്കുന്നു.

## 1-23 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-അനർഹർക്ക് ആനുകൂല്യം നൽകി

അടങ്കൽ : 7,70,000 ( വികസന ഫണ്ട്-പൊതുവിഭാഗം)

ആകെ ചെലവ് : 769392/-
(ബിൽ/ബി.ആർ.എൻ നം
23150852034001408335/15.3.2024-151659 രൂപ ഇൻവോയ്സ്-LWI/B2C/23-24/6 Dt 4.3.24- 41 Nos.
23150852034001408344/15.3.2024-151659 രൂപ ഇൻവോയ്സ്-LWI/B2C/23-24/4 Dt 4.3.24- 41 Nos.
2315085034001408305/15.3.2024-151659 രൂപ ഇൻവോയ്സ്-LWI/B2C/23-24/2 Dt 4.3.24- 41 Nos.
2315085034001493764/24.3.2024-151659 രൂപ ഇൻവോയ്സ്-LWI/B2C/23-24/3 Dt 4.3.24- 41 Nos.
2315085034001493810/24.3.2024- 162756 രൂപ ഇൻവോയ്സ്-LWI/B2C/23-24/5 Dt 4.3.24- 44 Nos.

2023-24 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം (23 /2024) എന്ന പദ്ധതി പ്രകാരം, മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി കാഡ്കോ യിൽ നിന്നും ടെണ്ടർ മുഖേന മേൽ ഇൻവോയ്സ് പ്രകാരം 3699 രൂപ നിരക്കിൽ 208 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.
60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്കാണ് പദ്ധതി മാർഗരേഖ പ്രകാരം മേൽ ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ 60 വയസ്സിന് താഴെയുള്ള ചുവടെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | ജനനതീയതി (ആധാർ പ്രകാരം) |
|---|---|---|---|
| 1 | നഫീസ പൊറ്റേങ്ങൽ | 1 | 1969 |
| 2 | വേലായുധൻ നൂറംപറമ്പിൽ | - | 27.3.1965 |
| 3 | രാധാകൃഷ്ണൻ തട്ടാരക്കാട്ടിൽ | 19 | 1.1.1973 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് ( 21/27.06.2024) ലഭ്യമാക്കിയ മറുപടിയോടൊപ്പം മേൽ പരാമർശിച്ച 3 ഗുണഭോക്താക്കളുടെ അർഹത സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ അനർഹമായി നൽകിയ 3 കട്ടിലുകളുടെ വിലയായ 11097 രൂപ തടസ്സം ചെയ്യുന്നു.

## 1-24 സോളാർ സിസ്റ്റം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ കൊടുത്ത പദ്ധതിയുടെ ഭാഗമായി 6,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിനു ഹാജരാക്കിയ ഫയലുകളിൽ ലഭ്യമല്ല.

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ | |
| പ്രൊജക്റ്റ് നമ്പർ | 98/24 | |
| അടങ്കൽ | 6,00,000<br>{5,00,000(തനത് ഫണ്ട്)+ 1,00,000(പ്ലാൻ ഫണ്ട്)} | |
| ചെലവ്(പ്ലാൻ ഫണ്ട്) | തുക | ബിൽ റെഫ. നം./ വൗച്ചർ നം./തി |
| | 1,00,000 | 23150852010600974375/4.1.24 |
| തനത് ഫണ്ട് | 5,00,000 | 22300856/3.1.24 |
| ആകെ ചെലവ് | 6,00,000 | |
| തുക നല്കിയത് | ANERT, ജില്ലാ ഓഫീസ് മലപ്പുറം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | സെക്രട്ടറി | |

ഓഡിറ്റ് എൻക്വയറി നമ്പർ 06/23-24 തി. 22.06.24 നു ലഭ്യമാക്കിയ മറുപടിയിൽ ANERT ന്റെ ഫൈനൽ ബിൽ പ്രകാരം 841470 രൂപയാണ് ആകെ ചെലവെന്നും ആയതിൽ ശേഷിക്കുന്ന 241471 രൂപ 2024-25 വർഷം നടപ്പിലാക്കുന്ന സ്പിൽ ഓവർ

പദ്ധതിയിൽ കൈമാറുന്ന മുറക്കേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകൂ എന്നും അറിയിച്ചു. ആയതു ലഭ്യമാകുന്നത് വരെ ചെലവു തുക 6,00,000 രൂപ തടസത്തിൽ വെക്കുന്നു.

## 1-25 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

2023-24 സാമ്പത്തിക വർഷത്തിൽ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികളുടെ ഭാഗമായുള്ള മരുന്നുകൾ വാങ്ങലുകൾക്ക് ചുവടെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് . എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായതായി കാണുന്നില്ല. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള വിശദ വിവരം:

| ക്രമ നം. | പ്രൊജക്ട് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക/ പ്രഫോർമ ഇൻവോയിസ് വിവരം | പ്രഫോർമ ഇൻവോയിസ് വിവരം | അടങ്കൽ/ ഫണ്ട് | ബിൽനമ്പർ /തിയ്യതി | ലഭ്യമായത് | ഇൻവോയ്സ് തി./നം | ശേഷിക്കുന്നത് |
|---|---|---|---|---|---|---|---|---|
| 1 | പി.എച്ച്.സിയിലേക്ക് മരുന്നുവാങ്ങൽ, 46/23 | 1200000 | PRF2319/27.11.23 | 12,00,000 എം.ജി: എൻ.ആർ | 2315085203 4100920314 /8.12.23 | 68141 | 27494/22.02.24 | |
| | | | | | | 26786 | 27702/22.02.24 | |
| | | | | | | 7571 | 28810/22.02.24 | |
| | | | | | | 16666 | 29678/22.02.24 | |
| | | | | | | 191373 | 757/22.02.24 | |
| | | | | | | 135430 | 1274/22.02.24 | |
| | | | | | | 171192 | 4833/22.02.24 | |
| | | | | | | 121434 | 4839/22.02.24 | |
| | | | | | | 20335 | 5328/22.02.24 | |
| | | | | | **ആകെ** | **758928** | | **441072** |
| 2 | പെയിൻ& പാലിയേറ്റീവ്, 50/24 | 759750 | PRF4097/15.2.24 | 1700000 (പ്ലാൻ-50000 | 2315085 2034101259923 /22.2.24 | 48308 | 356/3.4.24 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | തനത് ഫണ്ട്-100000<br>ബ്ലോക്ക് പഞ്ചായത്ത്-200000<br>എം.ജി: എൻ.ആർ-900000) | | | | |
| | | | | | | 21870 | 8614/30.5.24 | |
| | | | | | **ആകെ** | **70178** | | **689572** |
| | **ഒട്ടാകെ** | **1959750** | | | | **829106** | | **1130644** |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതമുള്ള സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതും ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അറിയിക്കേണ്ടതുമാണ്. കൂടാതെ പദ്ധതികളുടെ വിശദാംശം , വരവു ചെലവു വിവരം, ഫണ്ടിനം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള Annexure B5 (G.O.(P)No.177/2006/Fin Dt.12.4.2006) പ്രകാരമുള്ള പ്രൊജക്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ: 14/23-24 തി. 26.06.24 നു മറുപടിയായി പ്രൊജക്ട് രജിസ്റ്റർ പരിപാലിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിക്കുകയും മരുന്നുകൾ ലഭ്യമാക്കാൻ കാരുണ്യയിലേക്ക് 11.06.2024 നു നല്കിയ കത്തിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തു. മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്ടിൽ മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 3 ലക്ഷം രൂപ രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | S0061/24, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് 3,00,000 |
| ചെലവ് | 3,00,000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PF-1024/ 11.12.2023 |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23150852034400979233/ 26.12.2023 |

ആയത് പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ : 1/21.06.2024 ന് മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഫണ്ട് ചെലവ് ചെയ്തു.

പ്രൊജക്റ്റ് 283/2024 വിജയഭേരി വിജയസ്പർശം
നിർവ്വഹണം- ഹെഡ്മിസ്ട്രസ്സ്
വിജയഭേരി വിജയസ്പർശം എന്ന പ്രൊജക്റ്റിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1,00,000 രൂപ വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുണ്ട്.
ചെലവ് വിവരം- വൌച്ചർ നമ്പർ 22300681/13.11.2023- 30581 രൂപ
ബിൽ നമ്പർ 357/27.1.2024- 69419 രൂപ ആകെ 1,00,000 രൂപ

വികസന ഫണ്ട് വകയിരുത്തിയ മേൽ പ്രൊജക്റ്റിൽ തനത് ഫണ്ടിൽ നിന്നുമാണ് 30581 രൂപ ചെലവഴിച്ചിട്ടുള്ളത്. പ്രൊജക്റ്റിൽ ഉൾപ്പെടുത്താത്ത ഇനം ഫണ്ട് ചെലവഴിച്ചതു സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19/27.06.2024 ക്ക് പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയ തനത് ഫണ്ടിനം റിവൈസ് ചെയ്യുന്നതിന് മുമ്പായി ചെലവഴിച്ചതാണെന്നും റിവൈസ് ചെയ്ത ശേഷം ആയത് ക്രമീകരിക്കാതിരുന്നതിനാലാണ് അപാകത സംഭവിച്ചതെന്നും മറുപടി ലഭ്യമാക്കി. തനത് ഫണ്ട് ചെലവഴിച്ചത് പ്രൊജക്റ്റിൽ ഉൾപ്പെടുത്താത്തതിനാൽ സുലേഖ പത്രികയിൽ പദ്ധതി ചെലവ് കുറവായാണ് ഉള്ളത്. പദ്ധതി നിർവ്വഹണത്തിൽ ചെലവു ചെയ്യുന്നതിലും രേഖപ്പെടുത്തുന്നതിലും കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 10/2024 - നെൽകൃഷി വികസനം - സുസ്ഥിര കൃഷി | 360920 | 360920 | 0 |

| | | | | |
|---|---|---|---|---|
| | 2/2024 - ലൈഫ് പദ്ധതി - ജനറൽ | 1600000 | 1600000 | 0 |
| | 25/2024 - ലൈഫ് പദ്ധതി - എസ് സി | 1500000 | 1500000 | 0 |
| | 20/2024 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 720000 | 720000 | 0 |
| | **ആകെ** | 4180920 | 4180920 | **0** |
| ജില്ലാ പഞ്ചായത്ത് | 2/2024 - ലൈഫ് പദ്ധതി - ജനറൽ | 920000 | 920000 | 0 |
| | 20/2024 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 239500 | 239500 | 0 |
| | **ആകെ** | 1159500 | 1159500 | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (95/24) | 10,00,000<br>22301243/27-3-24<br>25,201<br>22301271/27-3-24<br>6,18,479 | 6,43,680 | 6,43,680 | പൂർത്തീകരിച്ചിട്ടില്ല | 6,43,680 |

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജൽജീവൻ വിഹിതം അടവാക്കൽ (100/24) | 23150852010601297868/28-02-24 1,00,000 23150852010601546920/25-3-24 1,00,000/- 23150852010601546920/25-3-24 1,00,000 | 3,00,000 | 3,00,000 | പൂർത്തീകരിച്ചിട്ടില്ല | 3,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | - | 22495776 (22360000+ പലിശ-135776) | 3977097 | 1079537 | - | 25393336 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 2809954 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) (₹) | 5217771 |
| ആകെ (₹) | 8027725 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 8027725 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക (₹) | രശീതിനമ്പർ/ തീയതി |
|---|---|---|
| ആതവനാട് സർവ്വീസ് സഹകരണബാങ്ക് | 1003635 | 0201000528/01.01.2024 |
| കുറുമ്പത്തൂർ സർവ്വീസ് സഹകരണബാങ്ക് | 2024090 | 0004788/01.02.2024 |
| കേരള ഗ്രാമീൺ ബാങ്ക്, പുത്തനത്താണി | 1000000 | 40202202300087/20.06.2023 |
| കേരള ഗ്രാമീൺ ബാങ്ക്, പുത്തനത്താണി | 1000000 | 40202202300088/21.06.2023 |
| കേരള ഗ്രാമീൺ ബാങ്ക്, പുത്തനത്താണി | 1000000 | 40202202300092/22.06.2023 |
| കേരള ഗ്രാമീൺ ബാങ്ക്, പുത്തനത്താണി | 1000000 | 40202202300093/23.06.2023 |
| കേരള ഗ്രാമീൺ ബാങ്ക്, പുത്തനത്താണി | 1000000 | 40202202300094/26.06.2023 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-02 (Plan) | Part II I | 2004-05 | - | അങ്കണവാടി കെട്ടിട നിർമ്മാണം മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ” | 6,7 | 2004-05 | - | PHC നിർമ്മാണം മുൻകൂർ ക്രമീകരിച്ചില്ല | ” |
| 2014-15 | 2(1), 2(2), 2(3), 2(4) | 2016-17 | - | വസ്തു നികുതി, തൊഴിൽ നികുതി സംബന്ധിച്ച അനുബന്ധങ്ങൾ | ” |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക (₹) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1996-97 | 46,47, 51 (1) (2) | കെ. മൊയ്തുണ്ണി | LF 7739/ Spl.Cell/SC1/2000 16.03.2002 | 39,278 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 19,97,00119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 188624319 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 25,54,777 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 10,00,000 | ശ്രീമതി അനീഷ പി. സെക്രട്ടറി |
| 1-15 | 3,00,000 | ശ്രീ പ്രദീപ് എം പി. സെക്രട്ടറി |
| 1-22 | 6,43,680 | ശ്രീ പ്രദീപ് എം പി. സെക്രട്ടറി |
| 1-23 | 11,097 | ശ്രീമതി.സന്ധ്യ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 6,00,000 | ശ്രീ പ്രദീപ് എം പി. സെക്രട്ടറി |
| **ആകെ** | 25,54,777 | |

**ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല.
**ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**
ഇല്ല.
**എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>**
ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.എം.പി.എം.13/2191/22(3), തീ : 16-11-2022 | 5 |
| 1997-98 | കെ.എസ്.എ.എം.പി.എം.13/2191/22(4) തീ : 16-11-2022 | 5 |
| 1998-99 | എൽ.എഫ്.എം.12/875/04, തീ : 19.10.2010 | 8 |
| 1999-00 | എൽ.എഫ്.എം.13/1473/04, തീ : 19.10.2010 | 3 |
| 2000-01 | എൽ.എഫ്.എം.13/ 1474/04, തീ : 19.10.2010 | 1 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.എം.12/1475/04, തീ : 19.10.2010 | 3 |
| 2002-03 | എൽ.എഫ്.എം.0/279/08, തീ : 19.10.2010 | 4 |
| 2003-04 | എൽ.എഫ്.എം.13/280/08, തീ : 19.10.2010 | 3 |
| 2004-05 | എൽ.എഫ്.എം.19/2022/08,, തീ : 19.10.2010 | 22 |
| 2005-06 | കെ.എസ്.എ.എം.പി.എം.13/2191/22(5), തീ : | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.13/2191/22(6), തീ : 16-11-2022 | 14 |
| 2007-08 | എൽ.എഫ്.എം.13/537/12, തീ : 24.04.2012 തീയതി, 17-09-2012 | 24 |
| 2008-09 | എൽ.എഫ്.എം.13/538/12, തീ : 24.04.2012 തീയതി, 17-09-2012 | 18 |
| 2009-10, 2010-11 | എൽ.എഫ്.എം.13/1623/13, തീ : 25.09.2013 | 25 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.13/1562/15, തീ : 04-03-2016 | 21 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.13/1874/16, തീ : 07-05-2022 | 20 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3019/16, തീ : 20-02-2018 | 22 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2015/2017, തീ : 07-05-2022 | 18 |
| 2017-18 | കെ.എസ്.എ.എം.പി.എം.13/49/19, തീ : 02-7-2018 | 21 |
| 2018-19 | കെ.എസ്.എ.എം.പി.എം.13/239/20, തീ : 19.11.2020 | 25 |
| 2019-20 | കെ.എസ്.എ.എം.പി.എം.13/913/21, തീ : 12-07-2022 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം.13/1245/22, തീ : 07-10-2022 | 16 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.എം.പി.എം.13/2397/2022, തീ : 17-04-2023 | 19 |
| 2022-23 | കെ.എസ്.എ.എം.പി.എം.13/1710/2023, തീ : 4-01-2024 | 21 |

**ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-04-2024 and submitted on 12-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Athavanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Athavanad Grama Panchayat as on 31-03-2024

**Date: 31/07/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Athavanad Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

## 2.Other Observations

- The following mandatory financial statements prescribed in accounting rules are not submitted for audit
    i. Ratios
    ii. Notes on accounts
    iii. Comparative amounts
- Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്